# 15. യൂറോഷിമ

രണ്ടാം മഹായുദ്ധത്തിനു ശേഷം, യൂറോപ്പിനെ പല വ്യത്യസ്ത രാഷ്ട്രങ്ങളായിട്ടല്ലാതെ ഒരൊററ രാഷ്ട്രീയ-സാമ്പത്തിക-ഏകകമായി കാണുന്നതിനുള്ള പ്രവണതകൾ വർദ്ധിച്ചുവന്നു. യുദ്ധത്തിൽ യൂറോപ്പിലെ എല്ലാ രാഷ്ട്രങ്ങൾക്കും നേരിട്ട തകർച്ചയും, അതിൽനിന്നു കരകയറുവാൻ അവയ്ക്കെല്ലാം അമേരിക്കയെ ആശ്രയിക്കേണ്ടിവന്നു എന്ന വസ്തുതയും ആയിരുന്നു ഈ പ്രവണതയെ ത്വരിപ്പിച്ച ചില ഘടകങ്ങൾ. റഷ്യൻ കമ്മ്യൂണിസത്തിൻെറ, പ്രത്യേകിച്ച് സ്റ്റാലിനിസത്തിൻെറ വികസന മോഹങ്ങൾക്കെതിരെ തങ്ങളുടെ ജനാധിപത്യ പാരമ്പര്യം സംരക്ഷിക്കുന്നതിന് ഒരുമിച്ചു നിന്നാലേ കഴിയൂ എന്ന ബോധവും യൂറോപ്പിലെ രാഷ്ട്രങ്ങളെ പരസ്പരം കൂടുതൽ അടുപ്പിച്ചു. ഈ ബോധത്തിൻെറ ഫലമായിരുന്നു നാറേറാ സൈനിക സഖ്യവും അമേരിക്കയുടെ സൈനിക നേതൃത്വത്തിൻകീഴിൽ നടന്ന യൂറോപ്യൻ രാഷ്ട്രങ്ങളുടെ ആയുധവത്ക്കരണവും. സാമ്പത്തികങ്ങളായ നിർബന്ധങ്ങളും യൂറോപ്യൻ രാഷ്ട്രങ്ങളെ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം ഏകീകരിച്ചു. 'കോമൺ മാർക്കററ്' ഉളവായതു് അങ്ങനെയാണ്. ഗതാഗതം, വാർത്താവിനിമയം മുതലായ രംഗങ്ങളിൽ വന്ന, വന്നുകൊണ്ടിരിക്കുന്ന, വിപ്ലവം മൂലം പഴയ രാജ്യാതിർത്തികൾ പ്രസക്തങ്ങളല്ലാതായതും യൂറോപ്യൻ ഐക്യത്തെ ത്വരിപ്പിക്കുന്നുണ്ട്.

ഈ മാററങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണ് 'യൂറോ' എന്നു് ആരംഭിക്കുന്ന പല വാക്കുകൾ. എല്ലാ യൂറോപ്യൻ ഭാഷകളിലും ഇവ ഒരുപോലെ പ്രചരിക്കുന്നു. ഇവയിൽ ആദ്യം പ്രചാരത്തിൽ വന്നതു് 'യൂറോവിഷൻ' എന്ന വാക്കാണെന്നു തോന്നുന്നു. യൂറോപ്പിലെ എല്ലാ രാജ്യങ്ങൾക്കുമായി ഉദ്ദേശിക്കപ്പെട്ട ടെലിവിഷൻ പ്രക്ഷേപണമാണ് 'യൂറോവിഷൻ.' 'യൂറോ ഡോളർ' എന്ന പൊതുനാണ്യം യൂറോപ്പിലെ എല്ലാ രാജ്യങ്ങൾക്കുമായി നടപ്പിൽ വരുത്തുന്നതിനെപ്പററി ഒരുകാലത്തു പറഞ്ഞുകേട്ടിരുന്നു. റഷ്യൻ കമ്യൂണിസത്തിൽനിന്നു വ്യത്യസ്തമായി ഫ്രാൻസ്, ഇററലി, സ്പെയിൻ മുതലായ യൂറോപ്യൻ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുള്ളിൽ വളർന്നു വരുന്ന ജനാധിപത്യ (പ്ലൂരലിസ്റ്റ്) പ്രവണതകളുടെ പൊതുപ്പേരാണ് 'യൂറോ കമ്യൂണിസം.' നാമമാത്രമായെങ്കിലും ഒരു 'യൂറോ പാർലമെൻറും' നിലവിലുണ്ട്.

ഈ ശ്രേണിയിൽ ഏററവും അടുത്തു കേട്ടുതുടങ്ങിയ ഒരു വാക്കാണ് 'യൂറോഷിമ.' 'യൂറോഷിമ പാടില്ല!' (നോ യൂറോഷിമ!) എന്ന മുദ്രാവാക്യം പശ്ചിമ യൂറോപ്പിലെ എല്ലാ നഗരങ്ങളിലും തെരുവുകളിലൂടെ തിരക്കിത്തിരക്കി നീങ്ങുന്ന ബഹുജനറാലികളിൽ അധികമധികം ഉറക്കെ മുഴങ്ങിക്കേട്ടു തുടങ്ങിയിരിക്കുന്നു.

മനുഷ്യൻ മനുഷ്യനെതിരെ ഇന്നോളം കരുതിക്കൂട്ടി ചെയ്ത ഏററവും വലിയ ക്രൂരത ആററംബോംബ് പ്രയോഗമാണല്ലോ. ഇതു് ആദ്യമായി നടന്നതു് ജപ്പാനിലെ ഹിരോഷിമ നഗരത്തിനു മുകളിലാണ്. യൂറോപ്പിൽ അത്തരമൊരു ക്രൂരത ഉണ്ടാകാൻ പാടില്ല എന്നാണ് 'നോ യൂറോഷിമ!' എന്ന മുദ്രാവാക്യത്തിൻെറ അർത്ഥം. യൂറോപ്പിൽ, ഒരു പക്ഷേ, അടുത്ത അഞ്ചു വർഷങ്ങൾക്കകം അണ്വായുധങ്ങൾ ഉപയോഗിച്ചുള്ള ഒരു യുദ്ധം ഉണ്ടായേക്കാമെന്ന ഭയം ഇന്നു സാർവത്രികമായിത്തീർന്നിട്ടുണ്ട്.

രണ്ടാം മഹായുദ്ധം കഴിഞ്ഞപ്പോൾ യൂറോപ്പിൽ സൈനികശക്തിയുള്ള ഒരേ ഒരു രാജ്യം സോവിയററ് യൂനിയൻ ആയിരുന്നു. അമേരിക്ക

ക്കു് സൈനികശക്തിയും ആററംബോംബും ഉണ്ടായിരുന്നു. ക്രമേണ റഷ്യയും ആററംബോംബ് ഉണ്ടാക്കി. ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളും ആററംബോംബ് ഉണ്ടാക്കിയിട്ടുണ്ട്. എന്നാലും റഷ്യയുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ യൂറോപ്പിലെ മററു രാജ്യങ്ങളുടെ സൈനികബലവും അണ്വായുധബലവും നിസ്സാരമാണ്. അമേരിക്കയുടെ നേതൃത്വത്തിൽ യൂറോപ്യൻ രാജ്യങ്ങളെ പങ്കെടുപ്പിച്ചു സജ്ജീകരിച്ചിട്ടുള്ള നാറേറാ പ്രതിരോധ സന്നാഹവും റഷ്യൻ സൈനിക ബലത്തിനു മുമ്പിൽ ഏറെ നേരം ചെറുത്തു നിൽക്കാൻ കെൽപ്പുള്ളതല്ല എന്നാണു കരുതപ്പെടുന്നത്. അതിനാൽ ഇനിയൊരു യുദ്ധം ഉണ്ടാകുന്നപക്ഷം യൂറോപ്പു മുഴുവൻ റഷ്യയുടെ കീഴിലാകാൻ ഏറെ ദിവസങ്ങൾ വേണ്ടി വരില്ല എന്ന ഭയം അമേരിക്കയ്ക്കുണ്ട്.

ഇതിനു പ്രതിവിധിയെന്ന നിലയിലാണ്, ന്യൂട്രോൺബോംബ് അടക്കമുള്ള ചെറിയ അണ്വായുധങ്ങൾ അമേരിക്ക നിർമിച്ചത്. ഇവ ഘടിപ്പിച്ച മിസ്സൈലുകൾ റഷ്യക്കു ചുററുമായി യൂറോപ്യൻ രാജ്യങ്ങളിൽ സ്ഥാപിക്കാൻ അമേരിക്കയും, അമേരിക്കയെ അനുകൂലിക്കുന്ന യൂറോപ്യൻ സർക്കാരുകളും, തീരുമാനിച്ചിരിക്കുകയാണ്. പടിഞ്ഞാറൻ ജർമനി, ഇററലി, ബ്രിട്ടൻ, സ്പെയിൻ, നോർവേ, സ്വീഡൻ—അങ്ങനെ പല രാജ്യങ്ങളിലും കണക്കററ അണ്വായുധങ്ങളും അവ വിക്ഷേപിക്കുന്നതിനുള്ള മിസ്സൈലുകളും 1983-ന് മുമ്പു സ്ഥാപിക്കാനാണ് ഉദ്ദേശ്യം.

യുദ്ധമുണ്ടായാൽ, അഥവാ ഉണ്ടാകുന്നതിനു തൊട്ടു മുമ്പ്, ഈ ആയുധങ്ങൾ റഷ്യൻ നഗരങ്ങൾക്കെതിരെ ചീറിപ്പാഞ്ഞു ചെല്ലും. അതു നോക്കിയിരിക്കാൻ റഷ്യക്കു കഴിയുമോ? ഇവയെ വിക്ഷേപിക്കും മുമ്പു നശിപ്പിക്കുവാൻ റഷ്യയും അണ്വായുധങ്ങൾ പ്രയോഗിക്കും. യുദ്ധം കഴിയുമ്പോഴേക്കു്, (അതോ തുടങ്ങുമ്പോഴേക്കോ) റഷ്യയുടെ വിദൂരപ്രദേശങ്ങളും അമേരിക്കയും ഒരുപക്ഷേ, ജനവാസയോഗ്യങ്ങളായി അവശേഷിച്ചിരിക്കാം. പക്ഷേ, യൂറോപ്പ് തീരെ നശിച്ചുകഴിഞ്ഞിട്ടുണ്ടാവും.

ഇത്തരമൊരു ചിത്രം സംഭവ്യമെന്നു മാത്രമല്ല, അഭിലഷണീയം കൂടിയാണെന്ന അർത്ഥത്തിൽ ഒരു പ്രസ്താവന അമേരിക്കൻ പ്രസിഡണ്ട് റേയ്ഗൻ ഈയിടെ ചെയ്യുകയുണ്ടായി. യൂറോപ്പിൽ ഒരു അണുയുദ്ധം സാദ്ധ്യമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതേസമയം സോവിയററു റഷ്യയുടെ നേതാവായ ബ്രഷ്നേവ്, അണ്വായുധങ്ങളില്ലാത്ത ഒരു രാജ്യത്തിന്റെ നേരെ തങ്ങൾ അണ്വായുധങ്ങൾ പ്രയോഗിക്കുകയില്ലെന്നു പ്രഖ്യാപിച്ചു. ഈ രണ്ടു പ്രസ്താവനകളെത്തുടർന്ന്, ഇക്കഴിഞ്ഞ നവംബർ മാസത്തിൽ യൂറോപ്പിലാകെ അമേരിക്കൻ അണ്വായുധങ്ങൾ പുതുതായി സ്ഥാപിക്കാതിരിക്കുന്നതിനും, സ്ഥാപിച്ചു കഴിഞ്ഞവ എടുത്തു മാററുന്നതിനും വമ്പിച്ച ബഹുജനപ്രക്ഷോഭണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 'അമേരിക്കയുടെ പരീക്ഷണപ്പന്നികളല്ല ഞങ്ങൾ,' 'ഇന്നത്തെ കുഞ്ഞുങ്ങൾ നാളത്തെ ശവങ്ങൾ,' 'റേയ്ഗൻ, നിങ്ങളുടെ ബോംബിൽ ഞങ്ങളെ കഴിച്ചിടേണ്ട,' 'റേയ്ഗന്റെ യുദ്ധം ഞങ്ങൾ ചെയ്യില്ല,' 'യൂറോഷിമ പാടില്ല മുതലായവയാണ് ഈ പ്രക്ഷോഭണങ്ങളിലെ മുദ്രാവാക്യങ്ങൾ. 'ഞാൻ പേടിക്കുന്നു' എന്ന ജർമൻകാരുടെ ലളിതമായ മുദ്രാവാക്യം ഇന്നത്തെ യൂറോപ്പിന്റെയാകെ വികാരത്തെയാണു പ്രതിഫലിപ്പിക്കുന്നത്.

പ്രക്ഷോഭണം മുറുകിയപ്പോൾ സോവിയററ് നേതാക്കളുമായി അണ്വായുധ നിരോധനം സംബന്ധിച്ചു കൂടിയാലോചനകൾ ആരംഭിക്കാമെന്ന് റേയ്ഗനു സമ്മതിക്കേണ്ടിവന്നു. പക്ഷേ, കൂടിയാലോചനകൾ ആരേയും തൃപ്തിപ്പെടുത്തുകയില്ല. അവ അനന്തമായി നീണ്ടുപോവുകയേ ഉള്ളു. റഷ്യയുടെ അതിർത്തിക്കകത്തുള്ള അണ്വായുധങ്ങൾ നശിപ്പിച്ചാൽ തങ്ങൾ യൂറോപ്പിൽ അണ്വായുധങ്ങൾ സ്ഥാപിക്കുകയില്ലെന്ന് റേയ്ഗൻ പ്രസ്താ

വിച്ചിട്ടുണ്ട്. വിമാനങ്ങളിലും മുങ്ങിക്കപ്പലുകളിലും ഒരുപക്ഷേ, ഉപഗ്രഹങ്ങളിലും അമേരിക്ക തയ്യാറാക്കി വെച്ചിട്ടുള്ളതും റഷ്യയ്ക്കരികിലൂടെ കടലിലും ആകാശത്തിലും നീങ്ങിക്കൊണ്ടിരിക്കുന്നതുമായ അണ്വായുധങ്ങൾകൂടെ നശിപ്പിച്ചാലേ തങ്ങളുടെ അതിർത്തിക്കകത്തുള്ള അണ്വായുധങ്ങൾ പൂർണമായും നശിപ്പിക്കാൻ കഴിയൂ എന്നതാണ് റഷ്യയുടെ നില. ചുരുക്കത്തിൽ, സമഗ്രമായ അണ്വായുധ നിരോധനത്തിനു തങ്ങൾ തയ്യാറാണെന്ന് റഷ്യ പറയുന്നു. 'നിങ്ങളെ ഞങ്ങൾക്കു വിശ്വാസമില്ല.' എന്ന് അമേരിക്ക ആവർത്തിക്കുകയും ചെയ്യുന്നു. അങ്ങനെ അവർക്കിടയിലെ സംവാദം അർത്ഥമില്ലാതെ നീളുന്നു. അതേസമയം ആയുധപ്പന്തയത്തിന് ആക്കം കൂടുന്നു; ദാരിദ്ര്യ നിവാരണത്തിന് ഉപയോഗിക്കേണ്ട വിഭവങ്ങൾ സംഹാര വ്യാപാരത്തിൽ ചെലവഴിക്കപ്പെടുന്നു; ലോകം പൊട്ടിത്തെറിയുടെ വക്കിൽ വിറച്ചും വിളർത്തും നിലകൊള്ളുകയും ചെയ്യുന്നു.

'യൂറോഷിമ പാടില്ല!' എന്ന യൂറോപ്പുകാരുടെ മുദ്രാവാക്യത്തിന് താത്കാലിക പ്രസക്തിയുണ്ട്. പക്ഷേ, യൂറോപ്പിലല്ലെങ്കിൽ, ഏഷ്യയിലോ ആഫ്രിക്കയിലോ ലാറ്റിൻ അമേരിക്കയിലോ ഒക്കെയാണെങ്കിൽ, 'ഷിമ' ആവാം എന്ന സൂചന അതിലില്ലേ? 'ഹിരോഷിമ' ആവാമെങ്കിൽ എന്തുകൊണ്ട് 'യൂറോഷിമ' പാടില്ല എന്നാണോ റേയ്ഗൻ സർക്കാരിന്റെ യുക്തിവാദം? ആണെങ്കിൽ, അതിന് യൂറോപ്പുകാർ എന്തു മറുപടി പറയും? പറയുന്ന മറുപടിക്ക് എത്രകണ്ടു ധാർമിക സാധുതയുണ്ടാവും?

സാർവത്രികവും പൂർണവുമായ അണ്വായുധ നിരോധം; സൈനിക സന്നാഹങ്ങളിൽ വൻതോതിൽ വെട്ടിക്കുറയ്ക്കൽ; കഴിവുള്ള സ്ഥലങ്ങളിലെല്ലാം നിസ്സൈനികൃത മേഖലകൾ; സാദ്ധ്യമായ രാജ്യങ്ങൾക്കെല്ലാം (സ്വിറ്റ്സർലൻഡിനുപോലെ) നിഷ്പക്ഷതാനയം; രാജ്യങ്ങൾക്കിടയിൽ പഞ്ചശീലാധിഷ്ഠിതമായ അനാക്രമണവും സഹവർത്തിത്വവും; സംഘർഷത്തിനു പകരം സഹകർണം—അങ്ങനെ ഒരു പുതിയ മനുഷ്യ വ്യവസ്ഥിതിയെപ്പറ്റി ഗൗരവത്തോടെ രാഷ്ട്രനേതാക്കന്മാരെല്ലാം ചിന്തിച്ചു തുടങ്ങേണ്ട കാലമായിരിക്കുന്നു.

യൂറോപ്പ് നശിക്കാതിരിക്കേണ്ടതു മനുഷ്യവർഗത്തിന്റെ മുഴുവൻ ആവശ്യമാണ്. 'നോ യൂറോഷിമ!' എന്നു നമ്മളും ആവശ്യപ്പെടുക. അതേ സമയം, യൂറോപ്പിലെ അണ്വായുധ നിരോധം തുടക്കം മാത്രമേ ആകുന്നുള്ളു എന്നും, അതിന്റെ പരിസമാപ്തി ഒരു ആഗോള നീതിവ്യവസ്ഥയിൽ മാത്രമാണെന്നും നമുക്ക് യൂറോപ്പുകാരേയും അമേരിക്കക്കാരേയും ഓർമിപ്പിക്കുക.

# 16. ആയുധ വ്യാപാരം

മുമ്പ് ഒരിക്കലുമുണ്ടായിട്ടില്ലാത്ത ഒരു വിഷമാവസ്ഥയെ നേരിട്ടുകൊണ്ടിരിക്കുകയാണ് മനുഷ്യവർഗം. ശരിക്കു നിർവചിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ലാത്ത സാമ്പത്തിക പ്രതിസന്ധിയാണ് ഈ വിഷമാവസ്ഥയുടെ ഒരു മുഖം. മുതലാളിത്തമായാലും കമ്യൂണിസമായാലും 'മിശ്ര'മായാലും, എല്ലാ സമ്പദ്വ്യവസ്ഥകളും ഈ പ്രതിസന്ധിയിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ് ഇന്ന്.

നാണയപ്പെരുപ്പം, വിലവർദ്ധന, വ്യാവസായികമാന്ദ്യം, തൊഴിലില്ലായ്മ എന്നിവയത്രേ ഈ പ്രതിസന്ധിയുടെ ബാഹ്യലക്ഷണങ്ങൾ.